REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 11-04-2025 സമയം 12.30 pm

## പ്രധാന വാർത്തകൾ

- **വയനാട് പുന:രധിവാസത്തിന് ഏറ്റെടുത്ത എൽസ്റ്റൺ എസ്റ്റേറ്റ് ഭൂമി വിലയായി 17 കോടി രൂപ കൂടി കെട്ടിവയ്ക്കാൻ ഹൈക്കോടതി നിർദേശം.**
- **മുൻ ചീഫ് സെക്രട്ടറി KM എബ്രഹാമിന് എതിരായ, വരവിൽ കവിഞ്ഞ സ്വത്ത് സമ്പാദനക്കേസിൽ CBI അന്വേഷണത്തിന് ഹൈക്കോടതി ഉത്തരവ്.**
- **സ്വർണ്ണവില വീണ്ടും പുതിയ ഉയരങ്ങളിലേക്ക്. പവന് 70,000 രൂപയോട് അടക്കുന്നു.**
- **കടൽ തീരങ്ങൾ പ്ലാസ്റ്റിക് മാലിന്യമുക്തമാക്കുന്ന ഏകദിന ശുചിത്വസാഗരം സുന്ദരതീരം പരിപാടിക്ക് തുടക്കമായി.**

## വാർത്തകൾ വിശദമായി

വയനാട് പുനരധിവാസ പദ്ധതിക്കായി എൽസ്റ്റൺ എസ്റ്റേറ്റിൽ നിന്ന് ഏറ്റെടുത്ത ഭൂമിക്ക് 17 കോടി രൂപ കൂടി കെട്ടിവയ്ക്കാൻ ഹൈക്കോടതി ഇടക്കാല ഉത്തരവിൽ നിർദേശിച്ചു. ഭൂമി വിലയായി ഗവൺമെൻറ് നിശ്ചയിച്ച 26 കോടി രൂപയ്ക്ക് പുറമെയാണിത്. ഭൂമി ഏറ്റെടുപ്പിന് തടസ്സമില്ലെന്നും കോടതി വ്യക്തമാക്കി. ഏറ്റെടുത്ത സ്ഥലത്തിന് കൂടുതൽ പണം നൽകണമെന്ന് ആവശ്യപ്പെട്ട് എസ്റ്റേറ്റ് ഉടമകൾ നൽകിയ ഹർജി ഫയലിൽ സ്വീകരിച്ചാണ് ഹൈക്കോടതിയുടെ ഇടക്കാല ഉത്തരവ്.

✪✪✪

പ്രധാൻ മന്ത്രി ജൻ ആരോഗ്യ യോജനക്ക് കീഴിൽ ആയുഷ്മാൻ ഭാരത് ഹെൽത്ത് ഇൻഫ്രാ സ്ട്രെക്ച്ചർ മിഷൻ നടപ്പാക്കിയതിനും ആയുഷ്മാൻ ഭാരത് കാർഡുകളുടെ വിതരണം ആരംഭിച്ചതിനും ഡൽഹി ഗവൺമെന്റിനെ പ്രധാനമന്ത്രി നേരന്ദ്രമോദി അഭിനന്ദിച്ചു. ഡൽഹിയുടെ ആരോഗ്യ മേഖലയുമായി ബന്ധപ്പെട്ട വിപ്ലവകരമായ ചുവടുവെപ്പാണ് ഇതെന്ന് ഡൽഹി മുഖ്യമന്ത്രിയുടെ എക്സ് പോസ്റ്റിന് മറുപടിയായി പ്രധാനമന്ത്രി പറഞ്ഞു.

✪✪✪

സാമൂഹ്യ പരിഷ്കർത്താവായ മഹാത്മാ ജ്യോതി ബഫുലെയുടെ ജന്മവാർഷിക ദിനത്തിൽ പ്രധാനമന്ത്രി നരേന്ദ്രമോദി അദ്ദേഹത്തിന് ശ്രദ്ധാഞ്ജലി അർപ്പിച്ചു. മനുഷ്യരാശിയുടെ യഥാർത്ഥ സേവകനായ അദ്ദേഹം സമൂഹത്തിലെ ചൂഷണത്തിനെതിരെയും അവശത അനുഭവിക്കുന്ന വിഭാഗങ്ങൾക്ക് വേണ്ടിയും ജീവിതം സമർപ്പിച്ചതായി പ്രധാനമന്ത്രി സാമൂഹിക മാധ്യമത്തിൽ കുറിച്ചു.

✪✪✪

പ്രധാനമന്ത്രി നരേന്ദ്രമോദി ഇന്ന് ഉത്തർപ്രദേശും മധ്യപ്രദേശും സന്ദർശിക്കും. സ്വന്തം മണ്ഡലമായ UP യിലെ വാരണാസിയിൽ 3,880 കോടി രൂപയുടെ വികസന പദ്ധതികൾക്ക് അദ്ദേഹം തുടക്കമിടും. പൂർത്തിയായ പദ്ധതികൾ പ്രധാനമന്ത്രി നാടിന് സമർപ്പിക്കും. ഉത്തർ പ്രദേശിൽ പുതുതായി രജിസ്റ്റർ ചെയ്ത 21 ഉത്പന്നങ്ങൾക്ക് പ്രധാനമന്ത്രി നേരന്ദ്രമോദി ഇന്ന് GI സർട്ടിഫിക്കറ്റുകളും വിതരണം ചെയ്യും.

✪✪✪

സ്ലൊവാക്യ സന്ദർശിക്കുന്ന രാഷ്ട്രപതി ദ്രൗപതി മുർമുവിന് നൈട്രയിലെ കോൺസ്റ്റന്റയിൻ, ദ ഫിലോസഫർ യൂണിവേഴ്സിറ്റി, ഓണററി ഡോക്ടറേറ്റ് സമ്മാനിച്ചു. സംശുദ്ധ പൊതു ജീവിതം സാമൂഹ്യനീതിയ്ക്കും വനിതാ ശാക്തീകരണത്തിനും, വിദ്യാഭ്യാസ മേഖലയിലെ പ്രവർത്തനങ്ങൾക്കും നൽകിയ സംഭാവനകൾ എന്നിവ പരിഗണിച്ചാണ് ഡോക്ടറേറ്റ് നൽകിയത്.

✪✪✪

ലോക രാജ്യങ്ങളുമായി അമേരിക്കയുടെ ഇടപെടൽ സമീപനം അടിസ്ഥാനപരമായി മാറ്റിയതിനാൽ അതിന്റെ അനന്തര ഫലങ്ങൾ ആഗോള തലത്തിൽ പ്രതിഫലിക്കുന്നുണ്ടെന്ന് വിദേശകാര്യമന്ത്രി ഡോ. S. ജയശങ്കർ പറഞ്ഞു. ന്യൂഡൽഹിയിൽ ഗ്ലോബൽ ടെക് ഉച്ചകോടിയിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. US ലോകത്തെ ഏറ്റവും വലിയ സമ്പദ്

വ്യവസ്ഥയായതിനാൽ സാങ്കേതിക പ്രത്യാഘാതങ്ങൾ വലുതായിരിക്കുമെന്നും ജയശങ്കർ അഭിപ്രായപ്പെട്ടു.

✪✪✪

മയക്കുമരുന്ന് സംഘങ്ങളെ കേന്ദ്ര ഗവൺമെന്റ് സർവ്വശക്തിയും ഉപയോഗിച്ച് അടിച്ചമർത്തി വരികയാണെന്ന് ആഭ്യന്തരമന്ത്രി അമിത്ഷാ പറഞ്ഞു. മയക്കുമരുന്ന് മുക്ത ഭാരതം എന്ന ലക്ഷ്യത്തിലേക്ക് ഇന്ത്യയെ നയിക്കാൻ എല്ലാ ഏജൻസികളും ശക്തമായ പ്രവർത്തനം നടത്തുന്നുണ്ടെന്ന് അദ്ദേഹം സാമൂഹിക മാധ്യമത്തിൽ കുറിച്ചു.

✪✪✪

പൊതുമേഖലാ സ്ഥാപനമായ സിഡ്കോ, കഴിഞ്ഞ സാമ്പത്തിക വർഷം 238 കോടി രൂപയുടെ വിറ്റുവരവും മികച്ച ലാഭവും നേടിയതായി മന്ത്രി P രാജീവ് അറിയിച്ചു. തുടർച്ചയായ മൂന്നാം വർഷമാണ് സിഡ്കോ, 200 കോടി രൂപയ്ക്ക് മുകളിൽ വിറ്റുവരവ് നേടുന്നതെന്ന് മന്ത്രി ഫേസ്ബുക്കിൽ കുറിച്ചു.

✪✪✪

മുൻ ചീഫ് സെക്രട്ടറി KM എബ്രഹാം, വരവിൽ കവിഞ്ഞ സ്വത്ത് സമ്പാദിച്ചു എന്ന പരാതിയെക്കുറിച്ച് CBI അന്വേഷിക്കണമെന്ന് ഹൈക്കോടതി ഉത്തരവിട്ടു. കൊച്ചി CBI യൂണിറ്റിനാണ് അന്വേഷണത്തിന് നിർദ്ദേശം നൽകിയത്. സംസ്ഥാന ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി ആയിരുന്നപ്പോൾ KM എബ്രഹാം, വരവിൽ കവിഞ്ഞ സ്വത്ത് സമ്പാദിച്ചു എന്നാണ് പരാതി.

✪✪✪

സുസ്ഥിര തൃത്താല പരിപാടിയുടെ ഭാഗമായി സംഘടിപ്പിക്കുന്ന വിഷു-റംസാൻ കാർഷിക കാർണിവലിന് പാലക്കാട് നാഗലശ്ശേരി വാഴക്കാട് പാടശേഖരത്തിൽ ഇന്ന് തുടക്കമാകും. മൂന്ന് ദിവസത്തെ കാർണിവലിന്റെ സമാപന സമ്മേളനം ഞായറാഴ്ച മന്ത്രി MB രാജേഷ് ഉദ്ഘാടനം ചെയ്യും.

കൂടുതൽ വിവരങ്ങളുമായി ജില്ലാ പ്രതിനിധി ഫൈസൽ അലിമുത്ത്...

.....വോയ്സ്......

ഇന്ന് നാല് മണിക്ക് പഞ്ചവാദ്യത്തോടെയാണ് വിളവെടുപ്പ് ഉത്സവത്തിന് ആരംഭം കുറിക്കുക.

കാർണിവലിൽ ഭാഗമായി വിളവെടുപ്പ് മഹോത്സവം, ഉൽപ്പന്നങ്ങളുടെ വിപണനമേള, നാടൻ കലാരൂപങ്ങളുടെ അവതരണം, സാംസ്കാരിക ഘോഷയാത്ര തുടങ്ങിയ പരിപാടികൾ നടക്കും. കൃഷി, മത്സ്യബന്ധന,

മൃഗസംരക്ഷണ ,ക്ഷീരവികസന മണ്ണ് പര്യവേഷണ വകുപ്പുകളും ആത്മ, കുടുംബശ്രീ, തദ്ദേശസ്ഥാപനങ്ങളും കാർണിവലിൽ ഭാഗമാകും. പരിപാടിയുടെ ഭാഗമായി നാടൻ ഭക്ഷ്യവിഭവങ്ങളുടെ മേളയും ലൈവ് ഫിഷ് വിപണനമേളയും സംഘടിപ്പിച്ചിട്ടുണ്ട്.ഞായറാഴ്ച കാർഷിക കാർണിവലിന്റെ സമാപനത്തോടനുബന്ധിച്ച് വനിതാ സംഘത്തിന്റെ പഞ്ചാരിമേളം, തിറ എന്നിവയും സംസ്ഥാന സ്കൂൾ കലോത്സവത്തിൽ എ ഗ്രേഡ് നേടിയ പെരിങ്ങോട് എച്ച് എസ് എസിലെ വിദ്യാർഥികളുടെ മദ്ദളകേളിയും ഉണ്ടാകും.

✪✪✪

സംസ്ഥാനത്ത് ലഹരി വ്യാപനത്തിന്റെ കണ്ണികളായി SFI മാറിയിരിക്കുകയാണെന്ന് പ്രതിപക്ഷ നേതാവ് VD സതീശൻ ആരോപിച്ചു. SFI പ്രവർത്തകർ കൊച്ചിയിലെ ബാർ അസോസിയേഷൻ പരിപാടി അലങ്കോലമാക്കിയെന്നും സതീശൻ കുറ്റപ്പെടുത്തി.

✪✪✪

ഈ വർഷത്തെ കേരള എൻജിനീയറിംഗ് ഫാർമസി പ്രവേശന പരീക്ഷാ ഷെഡ്യൂൾ പ്രസിദ്ധീകരിച്ചു. ഈ മാസം 23 നും, 25 മുതൽ 28 വരെയുമാണ് എൻജിനീയറിംഗ് പരീക്ഷ. 24 നും 29-നുമായിരിക്കും ഫാർമസി പ്രവേശന പരീക്ഷ.

✪✪✪

ഞായറാഴ്ചത്തെ സംയുക്ത സൈനിക UPSC പരീക്ഷ പ്രമാണിച്ച് കൊച്ചി മെട്രോ സർവീസ് നേരത്തെയാക്കി. രാവിലെ ഏഴരയ്ക്ക് പകരം ഏഴ് മുതൽ ആലുവയിൽ നിന്നും തൃപ്പൂണിത്തുറയിൽ നിന്നും സർവീസ് ആരംഭിക്കുമെന്ന് മെട്രോ അധികൃതർ അറിയിച്ചു.

✪✪✪

ഇന്ന് ദേശീയ സുരക്ഷിത മാതൃത്വ ദിനം. സുരക്ഷിത മാതൃത്വത്തെക്കുറിച്ചും മാതൃ ആരോഗ്യത്തെക്കുറിച്ചും അവബോധം വളർത്തുന്നതിനാണ് ഏപ്രിൽ 11 ദേശീയ സുരക്ഷിത മാതൃത്വ ദിനമായി ആചരിക്കുന്നത്.

ഗർഭകാലത്തും പ്രസവസമയത്തും മികച്ച വൈദ്യ സഹായം നൽകുകയാണ് ദേശീയ സുരക്ഷിത മാതൃദിനത്തിന്റെ പ്രധാന ലക്ഷ്യം.

✪✪✪

മരണപ്പെട്ടാലും ഭീകരരെ വധിക്കണമെന്ന ചിന്തമാണ് ഉണ്ടായിരുന്നതെന്നും രാജ്യത്തെ ആക്രമിക്കാൻ വന്ന ഭീകരരെ തിരിച്ചുപോകാൻ സൈന്യം അനുവദിച്ചിട്ടില്ലെന്നും 2008 ലെ മുംബൈ കമാൻഡോ ഓപ്പറേഷനിൽ പങ്കെടുത്ത കണ്ണൂർ സ്വദേശി ശൗര്യചക്ര PV മനേഷ് പറഞ്ഞു.

മുംബൈ ഭീകരാക്രമണ സൂത്രധാരൻ തഹാവൂർ റാണ NIA കസ്റ്റഡിയിലായതിനോട് പ്രതികരിക്കുകയായിരുന്നു അദ്ദേഹം.

ഭീകരരെ നേരിടുമ്പോൾ ഗ്രനേഡ് ആക്രമണത്തിൽ പരിക്കേറ്റ PV മനേഷ് ശരീരത്തിന്റെ ഒരു ഭാഗം തളർന്ന് ഇപ്പോഴും ചികിത്സയിലാണ്.

✪✪✪

സ്വർണ്ണവില 70,000 ത്തോട് അടുക്കുന്നു. പവന് 1,480 രൂപ വർധിച്ച് 69,960 രൂപയിലാണ് വ്യാപാരം പുരോഗമിക്കുന്നത്.  8,745 രൂപയാണ് ഗ്രാമിന്.

✪✪✪

ശ്രീപദ്മനാഭസ്വാമി ക്ഷേത്രത്തിലെ പൈങ്കുനി ഉത്സവത്തോടനുബന്ധിച്ച ആറാട്ട് ഇന്ന്. വൈകീട്ട് അഞ്ചിന് ആറാട്ട് ചടങ്ങുകൾ ആരംഭിക്കും.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി പ്രതിനിധി രെജു കൊലിയാക്കോട്...

.....വോയ്സ്.....

ഇന്ന് വൈകുന്നേരം ശ്രീകോവിലിലെ ദീപാരാധനയ്ക്കു ശേഷം ഗരുഡവാഹനത്തിൽ ശ്രീപദ്മനാഭസ്വാമിയെയും നരസിംഹമൂർത്തിയെയും ശ്രീകൃഷ്ണസ്വാമിയെയും പുറത്തേക്ക് എഴുന്നള്ളിക്കും.

തുടർന്ന് പരശുരാമ ക്ഷേത്രം ഉൾപ്പെടെയുള്ള വിവിധ ക്ഷേത്രങ്ങളിലെ വിഗ്രഹങ്ങളുമായി ആറാട്ട് ഘോഷയാത്ര ശംഖുംമുഖത്തേക്ക് പുറപ്പെടും. ശംഖ്മുഖത്ത് വിഗ്രഹങ്ങൾ പൂജകൾക്കു ശേഷം സമുദ്രത്തിൽ ആറാടിക്കും.

രാത്രി 10 മണിയോടെ വിഗ്രഹങ്ങളെ ക്ഷേത്രത്തിലേക്ക് തിരിച്ചെഴുന്നള്ളിച്ച് തന്ത്രിയുടെ നേതൃത്വത്തിൽ ശ്രീബലിയും കൊടിയിറക്കും നടക്കും. ആറാട്ടോടെ 10 ദിവസം നീണ്ടു നിന്ന പൈങ്കുനി ഉത്സവത്തിന് സമാപനമാകും.

ആറാട്ട് ഘോഷയാത്രയുടെ ഭാഗമായി തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവളത്തിലെ റൺവേ ഇന്ന് വൈകുന്നേരം 4.45 മുതൽ രാത്രി ഒൻപത് വരെ അടച്ചിടും. ഈ സമയത്തുള്ള ആഭ്യന്തര,രാജ്യാന്തര വിമാന സർവീസുകൾ പുനഃക്രമീകരിച്ചിട്ടുണ്ട്.

✪✪✪

സപ്ലൈക്കോ വില്പനശാലകളിൽ അഞ്ച് സബ്സിഡി ഉത്പന്നങ്ങളുടെ വില നാല് മുതൽ പത്തു രൂപ വരെ കുറച്ചു. തുവരപ്പരിപ്പ്, മുളക്, കടല, ഉഴുന്ന്, വൻപയർ എന്നിവയുടെ വിലക്കുറവ് ഇന്ന് നിലവിൽ വന്നു.

✪✪✪

മലയാളിയുടെ ഗൃഹാതുരതയുടെ ആഘോഷമായ വിഷുക്കാലം വരവായി. നാടെങ്ങും വിഷുവിനെ വരവേൽക്കാൻ ഒരുങ്ങിക്കഴിഞ്ഞു.

ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി K.O ശശിധരൻ തയ്യാറാക്കിയ റിപ്പോർട്ട്....

........വോയ്സ്........

രണ്ട് ദിവസം മാത്രം ബാക്കി നിൽക്കെ വിഷുവിനെ വരവേൽക്കാനുള്ള ഒരുക്കത്തിലാണ് നാടു നഗരവും. തെരുവോര വിപണികൾ സജീവമായതോടെ നഗരത്തിലേക്ക് ആളുകളുടെ വരവും കൂടി .ഞായറാഴ്ചയാണ് ചെറിയ വിഷു. കണ്ണൂർ നഗരത്തിൽ മേളകളും സജീവമാണ് കണ്ണൂർ കലക്ട്രേറ്റ് മൈതാനിയിൽ കൈത്തറി മേളയിൽ വലിയ തിരക്കാണ് അനുഭവപ്പെടുന്നത്.സഹകരണ സ്ഥാപനമായ ദിനേശിന്റെ ഉത്പന വിപണന മേളയും നടക്കുന്നുണ്ട്. വൈവിധ്യമാർന്ന വസ്ത്രങ്ങളുമായി സ്റ്റേഡിയം കോർണറിൽ കച്ചവടക്കാർ സജീവമാണ്. മൺ പാത്രങ്ങളുടെ വിൽപനയും നടക്കുന്നുണ്ട്. പടക്കകടകളിലും തിരക്കേറി. വാഹന തിരക്ക് വർധിച്ചതോടെ നഗരത്തിൽ ഗതാഗതക്കുരുക്കും രൂക്ഷമായി. വിഷുക്കണിയൊരുക്കാനായി പൂത്തുലഞ്ഞു നിൽക്കുന്ന കൊന്ന മനോഹര കാഴ്ചയാണ് നാട്ടിൻപുറങ്ങളിലും നഗര പ്രദേശങ്ങളിലും സമ്മാനിക്കുന്നത് . മേഘാവൃതമായി നിൽക്കുന്ന ആകാശം ആഘോഷത്തിന്റെ ആവേശം കുറയ്ക്കില്ലെന്ന പ്രതീക്ഷയിലാണ് കച്ചവടക്കാർ

✪✪✪

കേരളത്തിലെ കടൽ തീരങ്ങൾ പ്ലാസ്റ്റിക് മാലിന്യമുക്തമാക്കുന്ന ഏകദിന ശുചിത്വ സാഗരം സുന്ദരതീരം പരിപാടിയുടെ രണ്ടാം ഘട്ടം രാവിലെ ആരംഭിച്ചു. തിരുവനന്തപുരം ശംഖുമുഖം ബീച്ചിൽ മന്ത്രി MB രാജേഷ് ഉദ്ഘാടനം ചെയ്തു. മലപ്പുറം ജില്ലയിൽ പാലപ്പെട്ടി മുതൽ കടലുണ്ടി നഗരം വരെയാണ് ശുചീകരണം.

കണ്ണൂർ ജില്ലയിൽ ധർമ്മടം, മുഴുപ്പിലങ്ങാട്, അഴീക്കോട് അടക്കം മേഖലകളിൽ ശുചീകരണം സംഘടിപ്പിച്ചു.

✪✪✪

ദേശീയ-സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റികൾ സംയുക്തമായി സംസ്ഥാനത്ത് മോക്ക് ഡ്രിൽ സംഘടിപ്പിച്ചു. ചുഴലിക്കാറ്റും അനുബന്ധ ദുരന്തങ്ങളും നേരിടാൻ സജ്ജമാക്കിയ മുന്നൊരുക്കങ്ങൾ വിലയിരുത്താനാണ് 12 ജില്ലകളിലെ തിരഞ്ഞെടുത്ത 24 സ്ഥലങ്ങളിൽ ഒരേ സമയം മോക്ക്ഡ്രിൽ സംഘടിപ്പിച്ചത്.

കോഴിക്കോട്ട്, ഫറോക്ക് IOCL, ബേപ്പൂർ തുറമുഖം എന്നിവിടങ്ങളിലാണ് മോക്ക്ഡ്രിൽ നടന്നത്.

✪✪✪

സംസ്ഥാന സഹകരണ വകുപ്പിന്റെ കൺസ്യൂമർഫെഡ് വിഷു-ഈസ്റ്റർ സഹകരണ വിപണികൾ തിരുവനന്തപുരത്ത് മന്ത്രി V N വാസവൻ ഇന്ന് ഉദ്ഘാടനം ചെയ്യും. ഏപ്രിൽ 21 വരെയാണ് വിഷു - ഈസ്റ്റർ സബ്സിഡി വിപണി സജ്ജീകരിച്ചിരിക്കുന്നത്.

✪✪✪

പ്രഥമ അഖിലേന്ത്യാ പൊലീസ് ബാഡ്മിന്റൺ, ടേബിൾ ടെന്നീസ് ക്ലസ്റ്റർ ഉച്ചകഴിഞ്ഞ് കൊച്ചി കടവന്ത്ര രാജീവ് ഗാന്ധി ഇൻഡോർ സ്റ്റേഡിയത്തിൽ മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും. 43 ടീമുകൾ അണിനിരക്കുന്ന മത്സരങ്ങളിൽ 208 വനിതകൾ ഉൾപ്പെടെ 1,030 ലധികം കായിക താരങ്ങൾ പങ്കെടുക്കുന്നുണ്ട്.

✪✪✪

ബംഗലൂരുവിൽ കൊൽക്കത്ത നൈറ്റ് റൈഡേഴ്സ് ഇന്ന്, ചെന്നൈ സൂപ്പർ കിങ്സിനെ നേരിടും. ചെന്നൈയിൽ വൈകീട്ട് 7:30 നാണ് മത്സരം.

✪✪✪

*News Editor: വി കെ സുരേഷ്*
*News Reader: അനുഷ ആത്മപ്രകാശ്*
*News Team:അനിൽ ചന്ദ്രൻ*
*DEO: സി കെ സുബോധ്*